ഉത്തരം

(എ&ബി) സംസ്ഥാനത്ത് പോലീസിന്റെ പൊതുവായ പ്രവർത്തനം അവലോകനം ചെയ്യുന്നതിനു വേണ്ടിയുള്ള ഒരു സംവിധാനം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമരൂപം ആയിട്ടില്ല.

തൊഴിലാളികൾ, വിദ്യാർത്ഥികൾ എന്നിവരുടെ അവകാശ സമരങ്ങളിൽ പോലീസ് ഇടപെടൽ അവസാനിപ്പിക്കാൻ നിയമ നിർമ്മാണം

38 (3780) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. ജയരാജൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഘടന നൽകുന്ന മൗലികാവകാശ സംരക്ഷണത്തിലൂന്നി നിന്നുകൊണ്ട് സംസ്ഥാനത്തെ തൊഴിലാളികൾ, വിദ്യാർത്ഥികൾ തുടങ്ങിയവരുടെ അവകാശ സമരങ്ങൾ, നിരോധിക്കാനും തടയാനും പോലീസും വിവിധ കോടതികളും ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തൊഴിലാളികൾ, വിദ്യാർത്ഥികൾ എന്നിവരുടെ അവകാശ സമരങ്ങളിലെ പോലീസ് ഇടപെടൽ അവസാനിപ്പിക്കാൻ സർക്കാർ സത്വര നിയമ നിർമ്മാണം നടത്തുമോ ;

(സി) പോലീസിന്റെ തൊഴിലാളി, വിദ്യാർത്ഥി അവകാശ നിയമത്തിനെതിരെയുള്ള പ്രവർത്തനങ്ങളിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിർദ്ദേശങ്ങൾ മറികടന്ന് പോലീസ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മൗലികാവകാശ ലംഘനം ഇല്ലാതെ നടത്തുന്ന സമരങ്ങൾ ഒന്നും തന്നെ നിരോധിക്കാൻ ശ്രമം നടത്തിയിട്ടില്ല.

(സി) പോലീസിന്റെ ഭാഗത്തുനിന്ന് അവകാശ നിഷേധ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly